

# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038 KERALA- PHONE : 8234

വാല്യം 6 ലക്കം 35, 36 1989 ഒക്ടോബർ 27 വില 1.15


# പരുമലയിൽ ഭക്തജനപ്രവാഹം

സ്റ്റാഫ് എഡിററർ

പരുമല: പുണ്യചരിതനായ പരുമല തിരുമേനിയുടെ 87-ാം ഓർമ്മപ്പെരുന്നാൾ നവംബർ 1, 2, തീയതികളിൽ പരുമലയിൽ ആഘോഷിക്കും. പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായും സഭയിലെ മററ് മെത്രാപ്പോലീത്താമാരും ആഘോഷങ്ങൾക്ക നേതൃത്വം നല്കും. കേരളത്തിലെ 14 ജില്ലകളിൽനിന്നുമായി 500ഓളം പദയാത്രാസംഘങ്ങൾ ഈ വർഷം പരുമലയിൽ എത്തും. കബറിങ്കലേക്കു് കാൽനടയായും വാഹനങ്ങളിലുമായി തീർത്ഥാടകരുടെ പ്രവാഹം ആരംഭിച്ചു കഴിഞ്ഞു.

പെരുന്നാളിൻെറ കൊടിയേററ് ഒക്ടോബർ 26 ന് മൂന്നുമണിക്ക് ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു.

നവംബർ 1-ന് വൈകുന്നേരം സന്ധ്യാനമസ്ക്കാരം, റാസ, ഗാനമേള എന്നിവ നടക്കും. 2-ന് രാവിലെ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് ആദ്യകുർബാന അനുഷ്ഠിക്കും. തുടർന്ന് പരിശുദ്ധ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ മൂന്നിൻമേൽ കുർബാന നടക്കും.

വി. കർബാനാനന്തരം മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനത്തിൻെറ വാർഷിക സമ്മേളനം പള്ളിയങ്കണത്തിൽ വച്ചു നടക്കും. പരിശുദ്ധ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിക്കുന്നസമ്മേളനത്തിൽ പാലക്കാട്ട് ജില്ലാ കലക്ടർ ജിജി തോംസൺ ആശംസാ പ്രസംഗം നടത്തും.

(ശേഷം 4-ാം പേജിൽ)



പരിശുദ്ധപരുമല തിരുമേനിയുടെ 87—ാം ഓർമ്മപ്പെരുന്നാൾ പരുമല സെമിനാരിയിൽ

# പിതാക്കന്മാരുടെ വചനങ്ങൾ: ആഗോളജനതയുടെ ആശ്വാസഗീതങ്ങൾ

ഡോ. സാമുവൽ ചന്ദനപ്പള്ളി

''ഭൂതകാലത്തിന്മേൽ ഞാൻ വർത്തമാനകാലം കെട്ടിപ്പടുക്കുന്നു. വൃദ്ധവൃക്ഷം അതിൻെറ വേരിന്മേൽ പുതിയ വൃക്ഷത്തെ എന്നപോലെ.'' അമേരിക്കൻ കവിയായ വാൾട്ട് വിററ്മൻെറ ഈ വാക്കുകൾ അർത്ഥവത്താണ്. നാം എന്തായിരുന്നുവോ നമുക്കെന്തൊക്കെ ഉണ്ടായിരുന്നുവോ അതെല്ലാം കഴിഞ്ഞ കാലത്തിൽ നിന്നും വരുന്നവയാണ്. വേറെ വാക്കിൽ നാം കഴിഞ്ഞകാലത്തിൻെറ സന്താനങ്ങളാണ്. വർത്തമാനകാലത്തിൻെറ വേരുകൾ ഭൂതകാലത്തിലാണെന്നു പറഞ്ഞ ജവഹർലാൽ നെഹ്രുവിനെക്കൂടി ഇവിടെ സ്മരിക്കുക. ഭൂതകാലത്തിൽ നിന്നും അനുഭവങ്ങളും അനുഭൂതികളും ആഗീരണം ചെയ്തു് വർത്തമാനകാലത്തിൻെറ മണ്ണിൽ കാലുറപ്പിച്ചു് ഭാവിയിലേക്കു് പ്രത്യാശാപൂർവ്വം നടന്നു നീങ്ങുന്ന സമൂഹത്തിനേ സമഗ്രപുരോഗതി കൈവരൂ. ഈ സനാതന സത്യം മനസ്സിലാക്കിയിട്ടുള്ളവരാണ്, ആദ്ധ്യാത്മികരംഗത്തും, രാഷ്ട്രീയ രംഗത്തും അമരജ്യോതിസ്സുകളായി രൂപാന്തരപ്പെട്ടിട്ടുള്ളത്. ഇരുപതാം നൂററാണ്ടിൽ മലങ്കര ഓർത്തഡോക്സ് സഭക്കു് ധീരോദാത്തമായ നേതൃത്വം നൽകുന്ന മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ

(ശേഷം 4-ാം പേജിൽ)



14—ാം സ്ഥാനാരോഹണ വാർഷികത്തിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാക്കു് ഹെറാൾഡ് കുടുംബത്തിൻെറ ആശംസകൾ

35, 36 ലക്കങ്ങൾ ഒന്നിച്ചു് 12 പേജാണ്. അടുത്ത ആഴ്ച പത്രം ഉണ്ടായിരിക്കുന്നതല്ല.

MOST REV. BENEDICT MAR GREGORIOS
ArchBishop of Trivandrum
13-10-89

**Message**

His Holiness Baselius Marthoma Mathews I, the Catholicos of the East and the Malankara Metropolitan, has been presiding over the spiritual destine of one of the most ancient Christian communities in India, for the last fourteen years. As a spiritual leader, he provides timely instruction to his flock and directs them in the holy traditions of the Fathers. Under

(Continued Page 4)

RT. REV. M. C. MANI
Bishop
DIOCESE OF MADHYA
Kottayam
13-10-89

**Message**

It gives me immense pleasure to convey to the Malankara Orthodox Church, warm greetings on behalf of the Madhya Kerala Diocese of the Church of South India through the columns of your special suppliment, on this historic occasion. His Holiness the Catholicos has helped to strengthen the bond of fellowship between our two Churches, and we in the

(Continued Page 4)

# സഭാസമ്മേളനം: വിപുലമായപരിപാടികൾ ആവിഷ്കരിച്ചു

പത്തനംതിട്ട: മലങ്കര സഭയുടെ പരമാധികാരസമിതിയായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻെറയും, പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻബാവായുടെ ചരമരജതജൂബിലിയുടെയും പബ്ലിസിററി കമ്മററി, ഫാ. കെ. ററി. മാത്യൂസിൻെറ അദ്ധ്യക്ഷതയിൽ ഒക്ടോബർ 20-ന് സെൻറ്ബേസിൽ അരമനയിൽകൂടി വിപുലമായ പ്രചാരണപരിപാടികൾ ആവിഷ്കരിച്ചു.

ഒക്ടോബർ 14-ന് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിററി നവംബർ 16 മുതൽ പത്തനംതിട്ട സെൻട്രൽ ജംഗ്ഷനിൽ അസ്സോസിയേഷൻെറയും, ചരമരജതജൂബിലിയാഘോഷക്കമ്മിററിയുടേയും സംയുക്ത ഓഫീസ് തുറക്കുവാൻ തീരുമാനിച്ചിരുന്നു. ദാനിയേൽ മാർ പീലക്സിനോസു്, ഫീലിപ്പോസ് മാർ യൗസേബിയോസ് എന്നീ മെത്രാപ്പോലീത്താമാരും, സഭാട്രസ്റ്റി പി. സി. ഏബ്രഹാം പടിഞ്ഞാറെക്കര, സഭാസെക്രട്ടറി പോൾ മത്തായി തുടങ്ങിയവരും യോഗത്തിൽ സംബന്ധിച്ചു.


അസ്സോസിയേഷൻ
8
ആഴ്ചകൾ മാത്രം


ആഘോഷനഗറിൽ സ്ഥാപിക്കുന്നതിനുള്ള ബാവായുടെ ചിത്രം വൈദികട്രസ്റ്റി ഫാ. നൂറനാലിൻെറ നേതൃത്വത്തിൽ സുൽത്താൻ ബത്തേരി പള്ളിയിൽനിന്നും, ദീപശിഖ കോട്ടയം ദേവലോകം അരമനയിൽനിന്നും, കൊടിമരം ബഥനി ആശ്രമത്തിൻെറ നേതൃത്വത്തിൽ നിലയ്ക്കലിൽനിന്നും, കൊടി തിരുവാങ്കോട്ട് പള്ളിയിൽനിന്നു കൊണ്ടുവരും. കേരളത്തിൻെറ നാനാദിക്കുകളെയും തൊട്ടുണർത്തി കടന്നുവരുന്ന ഛായാചിത്ര കൊടിമര ദീപശിഖ, കൊടി ഘോഷയാത്രകൾ തുമ്പമൺ ഭദ്രാസനത്തിൻെറ എല്ലാ പ്രധാനഭാഗങ്ങളെയും സ്പർശിച്ചാവും സമ്മേളനനഗറിലെത്തുക.

പത്തനംതിട്ട കെ. എസ്. ആർ. ടി. സി. സ്റ്റാൻഡിലും, പ്രൈവററ് ബസ്സ്റ്റാൻഡിലും, കാതോലിക്കേററ് കോളജ് ജംഗ്ഷനിലുംഇൻഫർമേഷൻ ഓഫീസുകൾ തുറക്കാനും യോഗം തീരുമാനിച്ചു.

(ശേഷം 7-ാം പേജിൽ)

With Best Compliments From

BELGIUM GLASS
HOUSE
K. K. Road
KOTTAYAM

നാടാവള്ളിൽ
സൂപ്പർ മാർക്കററ്
&
കോൾഡ് സ്റ്റോറേജ്
കോളജ് ജംഗ്ഷൻ
കല്ലുമല
മാവേലിക്കര
എല്ലാവിധ സ്റ്റേഷനറി, പലചരക്കുസാധനങ്ങളും,
പ്രസന്റേഷൻ സെററുകളും, ഗോൾഡ് കവറിങ്ങ് ആഭരണങ്ങളും
തുടങ്ങിയവസ്സു് സന്ദർശിക്കുക.

With Best Compliments From

എ.വി.ജെ
ജുവലേഴ്സ്
Mitchel Junction
MAVELIKARA Phone: 2608

DEALERS IN
STATIONERIES, HARDWARES, GLASSWARES, PIPE FITTINGS, ELECTRICAL GOODS, WIRING MATERIALS, SANITARYWARES ETC.

C.Chacko & Sons
MAVELIKARA
KERALA STATE
PHONE – 2215
ESTD - IN - 1910

22 കാരററ്
സ്വർണ്ണാഭരണങ്ങൾക്ക്
കൊമ്പശേരിൽ
ജുവലേഴ്സ്
മാവേലിക്കര, ഫോൺ: 2411

MUDANTHANGILI
BROTHERS
GLASS MERCHANTS
MANNAR

With Best Compliments From:–

Dr. M. P. PHILIP
Director, Philip Automobiles
MAVELIKARA.




With Best Compliments From:–

മുളമൂട്ടിൽ
ഏജൻസീസ്
മാവേലിക്കര

Manufacturers and exporters of fine jewellery
PRAKKAT
JEWELLERS
PRAKKAT BUILDINGS
CENTRAL JUNCTION, KOTTAYAM
KERALA, INDIA 686 001
TELEPHONE 0481 4553

## പിതാക്കന്മാരുടെ വചനങ്ങൾ...

(1—ാം പേജിൽനിന്നും തുടർച്ച)

ബാവാ ഈ സത്യം ഗ്രഹിച്ചിട്ടുള്ള ആത്മീയാചാര്യനാണ്. പൗഷ്ഠിക പിതാക്കന്മാരുടെ പുണ്യഭൂമിയിലാണ് അദ്ദേഹത്തിന്റെ വേരുകൾ. അവരുടെ ശക്തിയാണ് തന്റെ ശക്തിയെന്ന് അദ്ദേഹം വിശ്വസിക്കുന്നു. പിതാക്കന്മാരെ ചെവിക്കൊള്ളാത്ത പുത്രന്മാർക്ക് പുരോഗതി ഉണ്ടാകുകയില്ലായെന്ന് ബാവാ തിരുമേനിക്കറിയാം. മലങ്കര സഭാസ്ഥാപകനായ മാർത്തോമ്മാ ശ്ലീഹായുടെയും, ആപത്ഘട്ടങ്ങളിൽ സഭാ നേതൃത്വം നൽകിയ ആർക്കദിയാക്കോന്മാരുടേയും, മാർത്തോമ്മാ നാമധാരികളായ സഭാപിതാക്കന്മാരുടേയും, ആത്മീയ പൗരുഷമണിഞ്ഞിട്ടുള്ളബാവാ തിരുമേനി, കാതോലിക്കാ സിംഹാസനത്തിന്റെ കാമ്പും കരുത്തും കാത്തു സൂക്ഷിക്കുന്നു.

ഫലശൂന്യമായ വൃക്ഷത്തെ ആരും തിരിഞ്ഞു നോക്കാറില്ല. കായ്ഫലമുള്ള വൃക്ഷം ഏററു വാങ്ങാറുണ്ട്. കതിർമണികററകൾ കർഷകന്റെ കാൽക്കീഴിൽ കിടന്ന് ചവിട്ടും മെതിയും ഏൽക്കുന്നു. പതിരുകളെ ആരും തിരിഞ്ഞു നോക്കാറില്ല. കായ്ഫലമുള്ള വൃക്ഷം ഏററുവാങ്ങുന്നതും, കതിർമണി കാൽക്കീഴിൽ കിടന്ന് ചവിട്ടേൽക്കുന്നതും, അന്യരുടെ സുഖത്തിനുവേണ്ടിയാണ്. സ്വസുഖത്തിനുവേണ്ടിയല്ല. മഹാന്മാരുടെ ജീവിത വീക്ഷണവും ദർശനവും ഇതാണ്. പരിശുദ്ധ കാതോലിക്കാബാവായേയും ഇവിടെയാണ് കാണുന്നത്. ഇരുപതു ലക്ഷം വരുന്ന ഇൻഡ്യൻ ഓർത്തഡോക്സ് കാർക്ക മാത്രമല്ല, ആഗോളജനതയ്ക്കു വേണ്ടി എന്തു ത്യാഗവും സഹിക്കുവാനും അദ്ദേഹം സന്നദ്ധനാണ്. മററുള്ളവന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻ പ്രതിബദ്ധനാണ് തിരുമേനി. എൺപതു വയസ്സു പിന്നിട്ട അദ്ദേഹം പ്രായാധിക്യത്തെ പരിഗണിക്കാതെ എവിടെയും എത്തിച്ചേരുന്നു. പറയാനുള്ളതു ഭംഗിയായും വെടിപ്പായും പറയുന്നു. പ്രതികരണങ്ങളെ ഭയപ്പെടുന്നില്ല. സത്യത്തിന്റെ മുഖം മൂടിക്കളയുന്നില്ല, ആശയപരമായി വിഭിന്ന ധ്രുവങ്ങളിൽ നിൽക്കുന്നവരെ അകററുന്നില്ല, അടുപ്പിക്കാനാണ്, അദ്ദേഹത്തിനിഷ്ടം. പക്ഷേ, ആ ആത്മീയ പ്രതിഭയുടെ മുൻപിൽ, അല്പാശയന്മാർ ചിറകററു വീഴുന്നു. മുട്ടിന്മേൽ എഴുന്നേററു നിന്നു വീണ്ടും വിമർശിക്കുന്നു; അതു കണ്ടു; ബാവാ തിരുമേനി, അവരുടെ അറിവില്ലായ്മയിൽ സഹതപിക്കുന്നു. സത്യം ഗ്രഹിക്കുന്ന വിശ്വാസികൾ, അവസാനം അദ്ദേഹത്തിലഭയം പ്രാപിക്കുന്നു. ഒരു പക്ഷേ, വട്ടശ്ശേരിൽ തിരുമേനിക്കുശേഷം, ജീവിത കാലയളവിൽ ഇത്രയധികം വിമർശനങ്ങൾ ഏല്ക്കേണ്ടിവന്നിട്ടുള്ള മറെറാരു ആത്മീയ പിതാവുണ്ടെന്നു തോന്നുന്നില്ല.

സഭയുടെ വിശ്വാസ പ്രമാണങ്ങളെ വിവേകപൂർവ്വം വിലയിരുത്തുകയും, ക്രിയാത്മക നിർദ്ദേശങ്ങളിലൂടെ പരിഷ്ക്കരിക്കുകയും, ചെയ്യുന്ന സഭാപിതാവാണ് പരിശുദ്ധ ബാവാ തിരുമേനി. സഭാപിതാക്കന്മാരുടെ സംപുഷ്ട കൃതികൾ വായിക്കുകയും പഠിക്കുകയും ചെയ്തിരുന്ന ഒരു യുവത്വകാലഘട്ടം, അദ്ദേഹത്തിനുണ്ടായിരുന്നു. പൗരസ്ത്യ പിതാക്കന്മാരുടെ ആത്മീയാനുഭൂതിയിൽനിന്നും വാർന്നു വീണ അമരവാണികൾ ഉരുവിട്ടിരുന്ന അദ്ദേഹം 'ഒരു മലങ്കര ദൈവശാസ്ത്രം ചിട്ടപ്പെടുത്തിയെടുക്കാനുള്ള വിനീത ശ്രമത്തിന്റെ ആദ്യാങ്കുരങ്ങൾ പ: പിതാവിന്റെ പ്രബന്ധങ്ങളിൽ നാമ്പിട്ടിരുന്നു മലങ്കര സഭയുടെ ദേശീയ പാരമ്പര്യത്തെക്കുറിച്ച് മററാരെക്കാളും ബോധവാനായിരുന്നു. അദ്ദേഹം പരിശുദ്ധ പരുമല തിരുമേനിയിലാരംഭിച്ച്, വട്ടശ്ശേരിൽ തിരുമേനി, മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ, മാർ ഔഗേൻ ബസ്സേലിയോസ് പ്രഥമൻ, എന്നിവരിലൂടെ വളർന്ന് മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമനിൽ എത്തി ഫലപുഷ്കലമായ മലങ്കര ദൈവശാസ്ത്രത്തിന്റെ ഇഴകൾ വേർതിരിച്ചു കാണിക്കുവാനുള്ള ശ്രമങ്ങൾ സഭയിലുണ്ടാവണം. മലങ്കര സഭാ പിതാക്കന്മാരുടെ വചനങ്ങളുടെ വർണ്ണഭംഗികൾ ആസ്വദിക്കയും അപഗ്രഥിക്കയും ചെയ്യുന്ന 'തിയോളജി'യന്മാരെ സഭാംഗങ്ങൾ സ്വപ്നം കാണുന്നു മലയാള സാഹിത്യത്തിലെ 'സാന്ത്വന സാഹിത്യ'വുമായി സഭാ പിതാക്കന്മാരുടെ വചനധാരകളെ ബന്ധിപ്പിക്കാൻ പററുമോ? ഈ വഴിക്കും ചിന്തിക്കേണ്ടിയിരിക്കുന്നു. മലങ്കര സഭാ പിതാക്കന്മാർ ചിന്താലോകത്തിൽ ഒററപ്പെട്ട ദ്വീപുകളാകരുതു്. അവരുടെ വചനങ്ങൾ ആഗോളജനതയുടെ ആശ്വാസ ഗീതങ്ങളാണ്. ഈയൊരു കാഴ്ചപ്പാടിനു് രൂപവും ഭാവവും നൽകാൻ പരിശുദ്ധ ബാവാ തിരുമേനിയുടെ പതിനഞ്ചാം സ്ഥാനാരോഹണ വർഷത്തിലെ നിർമ്മല നിമിഷങ്ങൾ വഴി തെളിയിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

---

## Bishop M. C. MANI

(1-ാം പേജിൽനിന്നും തുടർച്ച)

CSI regard him in high esteem.

I thank God for the great leadership. His Holiness has been giving to the Churches in India. I wish him health and long life and hope that your Church will reach even greater heights in the years to come under his leadership

Sd/-

## BENEDICT MAR GREGORIOS

(1-ാം പേജിൽനിന്നുംതുടർച്ച)

er his direction, the Malankara Syrian Christians are making rapid progtess in every field of social life.

His Holiness fosters high ideals in the field of Church Unity. I earnestly pray God that He may grant this Venerable Prelate, the grace to see the fulfilment of these ideals. He will thus be making an historic contribution towards the perfect realization of the unity, for which Our Saviour prayed and offered up His life.

sd/

## പരുമലയിൽഭക്ത ജനപ്രവാഹം

1—ാം പേജിൽനിന്നും തുടർച്ച

1990-ലെ എം. ജി. ഓ. സി. എസ്. എം ഡയറി, സമ്മേളനത്തിൽവച്ച് പുറത്തിറക്കും. സഭയിലെ മെത്രാപ്പോലീത്താമാർ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. സ്കൂൾ ഓഫ് മ്യൂസിക്ക്, പത്തനംതിട്ട കാതോലിക്കേററ് കോളജ്, കോട്ടയം ബസേലിയോസ് കോളജ്, പാമ്പാടി കെ. ജി. കോളജ് തുടങ്ങിയ യൂണിററുകളുടെ ഗാനാലാപം ഈ സമ്മേളനത്തോടനുബന്ധിച്ചുണ്ടായിരിക്കും.

ഉച്ചകഴിഞ്ഞു നടക്കുന്ന റാസയെ തുടർന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ ഭക്തജനങ്ങളെ ആശീർവദിക്കും.

## ഹെറാൾഡ് കൗണ്ടർ

പതിവുപോലെ പരുമല പെരുന്നാളിനോടനുബന്ധിച്ച് ഹെറാൾഡിന്റെ കൗണ്ടർ ഒക്ടോബർ 27 മുതൽ പരുമലയിൽ തുറന്നു പ്രവർത്തനമാരംഭിക്കും. വരിസംഖ്യ പുതുക്കാനുള്ളവർ രജിസ്റ്റർ നമ്പർ സഹിതം എത്തേണ്ടതാണ്. 22 രൂപ വിലയുള്ള ഫാ. ഇ. ജെ. ഏബ്രഹാം 'രചിച്ച' 'പരുമല കൊച്ചുതിരുമേനി' എന്ന ജീവചരിത്രഗ്രന്ഥം കൗണ്ടറിൽനിന്നും 8 രൂപാ സൗജന്യനിരക്കിൽ ലഭിക്കുന്നതാണ്.


വിവാഹ വസ്ത്രങ്ങൾക്കു്

ബോബി

ടെക്സ്റ്റയിൽസ്

മാന്നാർ

PHONE: 2403
2516

ബോംബേഡൈയിങ്ങ് അംഗീകൃത വ്യാപാരികൾ

വസ്ത്രങ്ങൾക്കു്

Phone: 2321

തേജസ്

പരുമലക്കടവ്
മാന്നാർ

പുതുമയാർന്ന വസ്ത്രങ്ങൾക്ക്

# ററി.സി.മാത്യൂസ്

തിരുവല്ല

# VETTEEL BROTHERS

**Opp. DEALERS BANKERS**

**Kurians Road**

**KOTTAYAM-1**

**PHONE 4040**

# തോപ്പ്സ് ജുവലേഴ്സ് A/C

പ്രൈവററ് ബസ്ററാൻറിന് എതിർവശം

ററി. കെ. റോഡ്, തിരുവല്ല, ഫോൺ - 2540

ജൂവൽ ജംഗ്ഷൻ - പത്തനംതിട്ട, ഫോൺ - 2808

ആശംസകൾ

Best Compliments of:-

# VEEJAY FOOTWEAR

**T. B. ROAD, KOTTAYAM**

**KERALA 686 001**

പ്രസന്റേഷൻ സെററുകൾക്കും
നിത്യോപയോഗ സാധനങ്ങൾക്കും

**ജിൻസി**

ഗിഫ്ററ് സെൻറർ ആൻഡ്
ഡിപ്പാർട്ടുമെൻററ് സ്റ്റോർ
ററി. കെ. റോഡ്, തിരുവല്ല

Authorised Dealers for MILTON, EAGLE, FLORA, YERA, PRESTIGE, HAWKINS, BUTTERFLY, L P G STOVE, SPARES, & MANY MORE ITEMS

**KEMS**
**AGENCISE**

M. D. C. Centre
K. K. ROAD, KOTTAYAM

*With Best Compliments From*

**NIRMITHY**

ENGINEERS & DESIGNERS
PUTHIACAVU MAVELIKARA

**MAMBALLY'S**
**BEST BAKERY**
THIRUVALLA

**Vettiyil**
**agencies**

SASTHRI ROAD
KOTTAYAM

BEST WISHES

**PUKALAKAT**
**BROTHERS**

P. O. Box 102
KOTTAYAM

**JESS**
**DEPARTMENT STORES**
M. D. Commercial Centre Extn:
K.K. ROAD, KOTTAYAM-686 001

*With Best Compliments From*

**SEETHAS** A/C

TEXTILE DEALERS
THIRUVALLA
PHONE-2651, 2761

Best Compliments From

# M/s JOY & ASSOCIATES

## Engineers & Contractors

BUDHANOOR

CHENGANOOR



A product of M.M.J

ദിവസം മുഴുവൻ പ്രസന്നത

മൈക്കിൾസ് ടീ ഒരു ശീലമാക്കു

പായ്ക്കറ്റുകളിൽ ലഭിക്കും




Michael's Tea

വസ്ത്രങ്ങൾക്ക് വിശ്വസ്തസ്ഥാപനം

# പുളിമൂട്ടിൽ സിൽക്ക് ഹൗസ്

കോട്ടയം, തൊടുപുഴ

PHONE - SHOP - 3295
4027
RESI:- 80473

Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P O. Kottayam-2 Office Address: Malankara Orthodox Herald Devalokam, Kottayam-686 038